(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജസ്റ്റിസ് ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ടും തുടർനടപടികളും

*4 [80] *ഡോ. തോമസ് ഐസക്:*
ശ്രീ. ടി. കെ. ദേവകുമാർ:
" *രാജു എബ്രഹാം:*
" *പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജോൺ മാത്യു കമ്മീഷന്റെ റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ;

(ബി) കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരിമണൽ ഖനനത്തിന് കേന്ദ്ര മന്ത്രാലയങ്ങളുടെ അംഗീകാരം നേടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

(സി) സമുദ്രനിരപ്പിനെക്കാൾ താഴ്ന്നുകിടക്കുന്ന ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകളിൽ കരിമണൽ ഖനനം ചെയ്താലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മുൻനിർത്തി ജനങ്ങൾ പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) ഉണ്ട്.

(ബി) 22-10-2002-ലെ ജി. ഒ. (എം എസ്.) നമ്പർ 101/02/ഐ. ഡി. പ്രകാരം സർക്കാർ പ്രഖ്യാപിച്ച ധാതുമണൽ നയം പ്രകാരം ലഭിച്ച അപേക്ഷകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. എന്നാൽ ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകളൊന്നും കേന്ദ്ര സർക്കാരിന് അയച്ചിട്ടില്ല. കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കരിമണൽ ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്ന ആറാട്ടുപുഴ, തൃക്കുന്നപ്പുഴ മേഖലകൾ സമുദ്രനിരപ്പിനെക്കാൾ താഴെയല്ല സ്ഥിതി ചെയ്യുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉന്നയിച്ചുള്ള പ്രക്ഷോഭങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly